**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2195** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. യു. ജനീഷ് കുമാർ | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. കെ. യു. ജനീഷ് കുമാർ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. എം. എം. മണി | |
| ശ്രീ. സി. കെ. ഹരീന്ദ്രൻ | |
| ശ്രീ. പി. പി. ചിത്തരഞ്ജൻ | |

**(എ)** ഈ വർഷത്തെ ശബരിമല മണ്ഡല ഉത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ശബരിമല മണ്ഡല മകരവിളക്ക് കാലത്ത് ശരണ പാതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ഇടതടവില്ലാതെ ആരോഗ്യ ചികിത്സാ സേവനം ഏർപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടങ്ങുന്ന ഒരു വലിയ സംഘത്തെ വിവിധ കേന്ദ്രങ്ങളിലായി സേവനത്തിന് നിയോഗിച്ചിരുന്നു. പമ്പ, അപ്പാച്ചിമേട്, നീലിമല, ചരൽമേട്, സന്നിധാനം, നിലക്കൽ, എരുമേലി എന്നീ സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ജീവനക്കാരെ തീർത്ഥാടന കാലയളവിൽ നിയോഗിക്കുകയുണ്ടായി. ഇതിന് പുറമേ ശരണ പാതയിലെ 22 പോയിന്റുകളിൽ അത്യാഹിത സേവനം നൽകുന്നതിനുള്ള എമർജൻസി മെഡിക്കൽ സെൻ്ററുകളും പ്രവർത്തിച്ചിരുന്നു. കാർഡിയോളജി, അനസ്തേഷ്യോളജി, സർജറി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ തുടങ്ങിയ സ്പെഷ്യലിസ്റ്റുകളും ജനറൽ ഡോക്ടർമാരും 2025 നവംബർ 15 മുതൽ 2026 ജനുവരി 21 വരെയുള്ള കാലയളവിൽ 24 മണിക്കൂർ സേവനമനുഷ്ഠിക്കുകയുണ്ടായി. ഇതിനുപുറമേ നഴ്സിംഗ് വിഭാഗം, ഫാർമസിസ്റ്റുകൾ, നഴ്സിംഗ് അസിസ്റ്റൻ്റുമാർ, ഹോസ്പിറ്റൽ അറ്റൻഡൻറുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ അടക്കമുള്ള ഫീൽഡ് ജീവനക്കാർ എന്നിവരും ഈ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. അത്യാഹിത ചികിത്സ, ഹൃദ്രോഗ ചികിത്സ, അപസ്മാരം, അപകടങ്ങൾ,ശ്വാസംമുട്ടൽ, പനി തുടങ്ങിയ ചികിത്സാവിധികളാണ് ഈ കേന്ദ്രങ്ങളിലൂടെ പ്രധാനമായും നൽകിയിരുന്നത്. ഇതിനുപുറമേ പാമ്പുകടി, പേവിഷബാധ തുടങ്ങിയവയ്ക്കുള്ള ഇഞ്ചക്ഷനും ചികിത്സയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിരുന്നു. ശബരിമലയുടെ ബേസ് ആശുപത്രികളായി കോട്ടയം മെഡിക്കൽ കോളേജും കോന്നി മെഡിക്കൽ കോളേജും പ്രവർത്തിക്കുകയുണ്ടായി.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എത്തിച്ചേരുന്ന ഭക്തരുടെ ആരോഗ്യ സുരക്ഷക്കും അടിയന്തിര സാഹചര്യങ്ങളിൽ വൈദ്യ സഹായം ലഭ്യമാക്കുന്നതിനും വേണ്ടി മെഡിക്കൽ

വിദ്യാഭ്യാസ വകുപ്പിലെ കാർഡിയോളജി, ജനറൽ മെഡിസിൻ, പൾമണറി മെഡിസിൻ വിഭാഗങ്ങളിൽ നിന്നും ഡോക്ടർമാരെ മണ്ഡലകാലം തീരുന്നതുവരെ ശബരിമല സന്നിധാനം, അപ്പാച്ചിമേട്, നീലിമല, പമ്പ, എന്നിവിടങ്ങളിൽ നിയമിച്ചിരുന്നു.

കൂടാതെ ബേസ് ഹോസ്പിറ്റലായി പ്രവർത്തിച്ച കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് പുറമേ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, റേഡിയോഡയഗ്നോസിസ്, ഓർത്തോപീഡിക്സ്, അനസ്തേഷ്യോളജി, OFMS, സൈക്യാട്രി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, എന്നീ വിഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം തീരുന്നതു വരെ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം നഴ്സിംഗ് ഓഫീസർമാർ, പാരാമെഡിക്കൽ ജീവനക്കാരായ റേഡിയോഗ്രാഫർ, ലാബ്ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I & ഗ്രേഡ് II, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനവും റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം തീരുന്നതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

ശബരിമല മണ്ഡല ഉത്സവത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിനായി ആയുർവേദ വിഭാഗത്തിന് കീഴിൽ 9 ഘട്ടങ്ങളിലായി, സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ, തെറാപിസ്റ്റ് എന്നിവർ ഉൾപ്പെടെ 54 ജീവനക്കാരെ നിയോഗിച്ചു. ഹോമിയോപ്പതി വിഭാഗത്തിന് കീഴിൽ 7 ഘട്ടങ്ങളിലായി 14 മെഡിക്കൽ ഓഫീസർമാരെ നിയോഗിച്ചു. ഇതു കൂടാതെ 72,21,494/- രൂപയുടെ മരുന്നും നാഷണൽ ആയുഷ് മിഷൻ മുഖേന ഭാരതീയ ചികിത്സാ വകുപ്പിനും ഹോമിയോപ്പതി വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ട്.

തീർത്ഥാടകർക്ക് അടിയന്തര വൈദ്യസഹായം ഉറപ്പാക്കുന്നതിനായി പമ്പ, സന്നിധാനം എന്നിവിടങ്ങളും അയ്യപ്പ ഭക്തർ കൂടുതലായി എത്തുന്ന പന്തളം വലിയ കോയിക്കൽ ക്ഷേത്രം, പത്തനംതിട്ട ഇടത്താവളം എന്നിവിടങ്ങളും മണ്ഡല മകര വിളക്ക് കാലത്ത് പ്രവർത്തന സജ്ജമായിരുന്നു.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ 2025 നവംബർ 11 മുതൽ 2026 ജനുവരി 20 വരെ 10 ഘട്ടങ്ങളിലായി 234 ജീവനക്കാർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും ശബരിമല സന്നിധാനം, പമ്പ, എരുമേലി എന്നീ താത്കാലിക ഡിസൻപെൻസറികളിൽ ഓരോ ഘട്ടത്തിലും ഡോക്ടർമാർ അടക്കം 26 ജീവനക്കാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കി. സന്നിധാനം, പമ്പ, എരുമേലി താത്കാലിക ഡിസ്പെൻസറികളിലും ഏറ്റുമാനൂർ, ചെങ്ങന്നൂർ കടപ്പാട്ടൂർ ഇടത്താവളങ്ങളിലെ താത്കാലിക ആയുർവേദ ഡിസ്പെൻസറികളിലുമായി ആകെ 90845 അയ്യപ്പ ഭക്തൻമാർക്ക് ചികിത്സ ലഭ്യമാക്കുകയും ചെയ്തു.തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചു.

ഭക്തജനങ്ങൾക്ക് ആരോഗ്യ സേവനം ഉറപ്പാക്കുന്നതിനായി ഹോമിയോപ്പതി വകുപ്പിന്റെ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ 2025 നവംബർ 16 മുതൽ 2026 ജനുവരി 20 വരെ പ്രവർത്തിച്ചു. വകുപ്പിലെ പുരുഷ ജീവനക്കാരെ 1 മുതൽ 7 ഘട്ടങ്ങളിലായി ഡ്യൂട്ടിക്ക് നിയോഗിച്ചു. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറെ ശബരിമല ഉത്സവത്തിന്റെ നോഡൽ ഓഫീസറായി നിയോഗിക്കുകയും വകുപ്പിന്റെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. ഈ കാലയളവിൽ ചികിത്സക്കെത്തിയ അയ്യപ്പ ഭക്തർക്കും മറ്റു രോഗികൾക്കും മികച്ച ചികിത്സ പ്രദാനം ചെയുകയും ചെയ്തു.

**(ബി)** വകുപ്പിലെ ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരെ വീതമാണ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആരോഗ്യവകുപ്പിൽ നിന്നും ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ഫീൽഡ് ജീവനക്കാരും ഉൾപ്പെടെ ഒരു വലിയ വിഭാഗം ജീവനക്കാരെ സംസ്ഥാന തലത്തിൽ ശബരിമല ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. നിയോഗിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡോക്ടർ | 336 |
| 2 | നേഴ്സിങ് ഓഫീസർ | 300 |
| 3 | ഫാർമസിസ്റ്റ് | 264 |
| 4 | ഹോസ്പിറ്റൽ അറ്റന്റന്റ് | 252 |
| 5 | ലാബ് ടെക്നീഷ്യൻ, | 72 |
| 6 | റേഡിയോഗ്രാഫർ | 48 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 192 |
| | ആകെ | 1464 |

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കാർഡിയോളജി, ജനറൽ മെഡിസിൻ, പൾമണറി മെഡിസിൻ വിഭാഗങ്ങളിൽ നിന്നുള്ള 80 ഡോക്ടർമാരെ ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് മണ്ഡലകാലം തീരുന്നതുവരെ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നു. കൂടാതെ ബേസ് ഹോസ്പിറ്റലായി പ്രവർത്തിച്ച കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് പുറമേ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, റേഡിയോഡയഗ്നോസിസ്, ഓർത്തോപീഡിക്സ്, സൈക്യാട്രി, അനസ്തേഷ്യോളജി, OFMS, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം തീരുന്നതു വരെ ലഭ്യമാക്കിയിരുന്നു. അതോടൊപ്പം നഴ്സിംഗ് ഓഫീസർമാർ, പാരാമെഡിക്കൽ ജീവനക്കാരായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I & II, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനവും റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം അവസാനിക്കുന്നത് വരെ ലഭ്യമാക്കിയിരുന്നു.

നാഷണൽ ആയുഷ് മിഷൻ മുഖേന ആയുർവേദ വിഭാഗത്തിന് കീഴിൽ 9 ഘട്ടങ്ങളിലായി, സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ, തെറാപിസ്റ്റ് എന്നിവർ ഉൾപ്പെടെ 54 ജീവനക്കാരെ നിയോഗിച്ചു.

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും മെഡിക്കൽ ഓഫീസർ-81 , ഫാർമസിസ്റ്റ്-54, തെറാപ്പിസ്റ്റ്-18, അറ്റൻറർ-54 ഉൾപ്പെടെ ആകെ 234 ജീവനക്കാരെ നിയമിച്ചു.

ഹോമിയോപ്പതി വകുപ്പിൽ നിന്നും മെഡിക്കൽ ഓഫീസർ -14, ഫാർമസിസ്റ്റ് - 28, അറ്റൻഡർ - 23, ഓഫീസ് അറ്റൻഡന്റ്/എസ്.സിപി - 5 എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ശുചീകരണ ജോലികൾക്കായി 5 ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു.

**(സി)** മെച്ചപ്പെട്ട ആംബുലൻസ് സംവിധാനങ്ങൾ ക്രമീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരുന്നതെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പത്തനംതിട്ട ജില്ലയിൽ നിന്നും പമ്പ ഗവ. ആശുപത്രിയിൽ എ.എൽ.എസ്, 108 ബി.എൽ.എസ്, ഗുർഖ ആംബുലൻസുകളും നിലയ്ക്കൽ ആശുപത്രിയിൽ എ.എൽ.എസ്, 108 ബി.എൽ.എസ് ആംബുലൻസുകളും, ഇലവുങ്കൽ സേഫ് സോൺ, റാന്നി പെരുനാട്, വടശ്ശേരിക്കര, ജി.എച്ച്. പത്തനംതിട്ട എന്നിവിടങ്ങളിൽ ബി.എൽ.എസ് ആംബുലൻസുകളും തീർത്ഥാടന കാലയളവ് കഴിയുന്നതുവരെ വിന്യസിച്ചിരുന്നു. പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിന്റെ കോമ്പൌണ്ടിൽ 24 മണിക്കൂറും ആംബുലൻസ് സേവനവും ലഭ്യമാക്കിയിരുന്നു. മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് മകരവിളക്ക് ദർശിക്കാവുന്ന സ്ഥലങ്ങളിൽ ആംബുലൻസ് ഉൾപ്പെടെയുള്ള മെഡിക്കൽ ടീമിനെ നിയോഗിച്ചിരുന്നു. പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നും പമ്പ വരെയും തിരികെ പമ്പയിൽ നിന്നും പന്തളം വലിയകോയിക്കൽ ക്ഷേത്രം വരെയും തിരുവാഭരണ ഘോഷയാത്രയെ അനുഗമിച്ചുകൊണ്ട് ആംബുലൻസ് ഉൾപ്പെടെയുള്ള മെഡിക്കൽ ടീമിനെയും വിന്യസിച്ചിരുന്നു.

ഇടുക്കി ജില്ലയിലെ പ്രധാന ഇടത്താവളങ്ങളായ വണ്ടിപ്പെരിയാർ, മുക്കുഴി, സത്രം, പുല്ലുമേട് എന്നിവിടങ്ങളിൽ 24 മണിക്കൂർ ആംബുലൻസ് സൗകര്യത്തോടു കൂടിയ സേവനം ലഭ്യമാക്കിയിരുന്നു.

കോട്ടയം ജില്ലയിൽ കടപ്പാട്ടൂർ മഹാദേവ ക്ഷേത്രത്തിലും, കാളകെട്ടി താല്ക്കാലിക ഡിസ്പെൻസറിയിലും കണമലയിലും ആംബുലൻസ് സൗകര്യം ലഭ്യമാക്കിയിരുന്നു.

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 24 മണിക്കൂറും ലഭ്യമാകുന്ന രീതിയിൽ എല്ലാ പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ഒരുക്കിയ ഒരു ആംബുലൻസ് സജ്ജമാക്കിയിരുന്നു.

അടിയന്തിര ഘട്ടത്തിൽ രോഗികളെ റെയിൽവേ സ്റ്റേഷനിൽ നിന്നും ചെങ്ങന്നൂർ മഹാദേവ ക്ഷേത്ര പരിസരത്ത് നിന്നും ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലും ആവശ്യമെങ്കിൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിക്കുന്നതിനുള്ള ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

**(ഡി)** കിടത്തി ചികിത്സിക്കാൻ കഴിയും വിധം വിപുലമായ സൗകര്യങ്ങൾ എവിടെയെല്ലാം ഒരുക്കിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു. തീർത്ഥാടനത്തിന്റെ ഭാഗമായി പെരുനാട് സി.എച്ച്.സി. , റാന്നി താലൂക്ക് ആശുപത്രി , കോഴഞ്ചേരി ജില്ലാ ആശുപത്രി, , അടൂർ ജനറൽ ആശുപത്രി, തിരുവല്ല താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ശബരിമല വാർഡ് ക്രമീകരിച്ചിരുന്നു. കൂടാതെ പത്തനംതിട്ട ജനറൽ ആശുപത്രി കാത്ത് ലാബിൽ അധികമായി കിടക്കകൾ ക്രമീകരിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ കഴിയും വിധം 6 ബെഡ്ഡുകളുള്ള ഒരു വാർഡ് ശബരിമല തീർത്ഥാടന രോഗികൾക്കായി എല്ലാവിധ സൗകര്യങ്ങളോടുകൂടി സജ്ജമാക്കിയിരുന്നു. കോട്ടയം ജില്ലയിലെ എരുമേലി സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം 24 മണിക്കൂറും ഉറപ്പ് വരുത്തുന്നതിനും ഫസ്റ്റ് റഫറൽ യൂണിറ്റ് ആയ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്തു. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്ക് ആശുപത്രിയിൽ 10 കിടക്കകളോട് കൂടിയ വാർഡ് സജ്ജീകരിച്ചിരുന്നു.

ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് ബേസ് ഹോസ്പിറ്റലായിരുന്ന കോന്നി സർക്കാർ മെഡിക്കൽ കോളേജിലും റഫറൽ ആശുപത്രിയായിരുന്ന കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും കിടത്തി ചികിത്സിക്കാൻ കഴിയും വിധം വിപുലമായ സൗകര്യങ്ങൾ ഒരുക്കിയിരുന്നു.

**(ഇ)** ശബരിമല തീർത്ഥാടന ക്രമീകരണങ്ങൾക്കിടെ ആരോഗ്യ വകുപ്പിലെ ഏതെങ്കിലും ജീവനക്കാർക്ക് അപകടമോ അത്യാഹിതമോ സംഭവിച്ചിട്ടുണ്ടോ; അങ്ങനെയുള്ളവർക്ക് അടിയന്തര

ചികിത്സ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ വർഷത്തെ ശബരിമല തീർത്ഥാടന കാലയളവിൽ തീർത്ഥാടന ക്രമീകരണങ്ങൾക്കിടെ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് ആർക്കും തന്നെ അപകടമോ അത്യാഹിതമോ സംഭവിച്ചിട്ടില്ല.

**(എഫ്)** തീർത്ഥാടന കാലയളവിൽ ഏറ്റവും മികച്ച രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചുവെന്ന പൊതുജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ?

**<u>മറുപടി:</u>** തീർത്ഥാടന കാലയളവിൽ ശബരിമല ശരണപാതയിലും അനുബന്ധ ജില്ലകളിലും സജ്ജീകരിച്ചിരിക്കുന്ന ആരോഗ്യ ക്യാമ്പുകൾ വഴി ജനങ്ങൾക്ക് സംതൃപ്തമാകും വിധം സേവനങ്ങൾ ലഭിച്ചുവെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾക്ക് ഇടനൽകാതെ എല്ലാ കേന്ദ്രങ്ങളിലും മികച്ച സേവനം കാഴ്ചവയ്ക്കാൻ സാധിച്ചു എന്നത് വിവിധ വിഭാഗം ജീവനക്കാരെ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യവകുപ്പ് അശ്രാന്തമായി ചെലുത്തിയ അർപ്പണബോധത്തിന്റെ ഉദാഹരണമാണ്.

**സെക്ഷൻ ഓഫീസർ**